ആമുഖം

ഭരണഘടനയുടെ 151(2)-ാം അനുച്ഛേദപ്രകാരം നിയമസഭയുടെ മുൻപാകെ വയ്ക്കുന്നതിനായി കേരളസംസ്ഥാന ഗവർണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2024 മാർച്ചിൽ അവസാനിച്ച കാലയളവിലെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാനത്തെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും നഗര തദ്ദേശ സ്ഥാപനങ്ങളിലും നടത്തിയ ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

2023-24 കാലയളവിലെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടവയും മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപ്പെട്ടതും എന്നാൽ മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്താൻ സാധിക്കാതെ പോയതുമായ വിഷയങ്ങളും ആവശ്യമായ ഇടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.